ജനുവരി – ഏപ്രിൽ 2008 11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# ചികിത്സാകൗതുകം - അവതാരിക

വയോവൃദ്ധനും ജ്ഞാനവൃദ്ധനും പരിചയസമ്പന്നനും കർമ്മ നിരതനുമായ ശ്രീ. വി.എം. കുട്ടികൃഷ്ണമേനോന്റെ "ചികിത്സാ കൗതുക"ത്തിനു അവതാരിക എഴുതുന്നതിനു എനിയ്ക്കു വളരെ സന്തോഷവും, ചാരിതാർത്ഥ്യവുമുണ്ട്. ഈ വിഷയത്തിൽ അർഹത യെക്കുറിച്ചു ഒട്ടും തന്നെ ഞാൻ ചിന്തിക്കുന്നില്ല. ഗ്രന്ഥകാരനായ ശ്രീ. മേനോന്റെ സൗഹാർദ്ദത്തോടു കൂടിയ നിർദ്ദേശവും പ്രസാധകനായ ലോക സ്വാസ്ഥ്യ പരമ്പരാ സംവർധൻ സമിതിയുടെ സംഘാടകൻ ഡോ. ജി.ജി. ഗംഗാധരന്റെ താൽപ്പര്യവും - രണ്ടും - എനിയ്ക്ക് ഒട്ടും തന്നെ ധിക്കരിക്കാൻ സാധിക്കാത്ത സംഗതികളാണ്. രണ്ടു പേരു ടേയും ഉദ്ദേശങ്ങളോടു എനിയ്ക്ക് യോജിപ്പും ആദരവുമാണുള്ളത്. ശതാഭിഷിക്തനായ മേനോൻ കാര്യം കൊണ്ടൊരു വാനപ്രസ്ഥനാണ്. ഗൃഹസ്ഥനെന്ന നിലയിൽ പ്രാരാബ്ധങ്ങൾ സാമാന്യമായി നിർവ്വ ഹിക്കപ്പെട്ടു കഴിഞ്ഞ അദ്ദേഹം, വാസന കൊണ്ടും, പരിചയം കൊണ്ടും ഏർപ്പെട്ട സാഹിത്യപരവും, ശാസ്ത്രപരവുമായ പ്രവർത്ത നങ്ങൾ തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. ആ പ്രവർത്തനത്തിന്റെ ഫലങ്ങൾ അനന്തര തലമുറകൾക്കു കൈമാറുവാനുള്ള സാഹചര്യ ങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വൈദ്യനായ എനിയ്ക്ക് അദ്ദേഹ ത്തിന്റെ വൈദ്യശാസ്ത്ര രംഗത്തുള്ള പ്രവർത്തനങ്ങളെക്കുറിച്ച് മാത്രമേ എന്തെങ്കിലും പറയുവാൻ കഴിയുകയുള്ളൂ. അദ്ദേഹത്തിന്റെ ശതാഭിഷേകവേളയിൽ ഞാൻ നൽകിയ മംഗളപത്രരൂപമായ ആദ രാഞ്ജലിയിൽ നിന്നു നാലു ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിയ്ക്കാം.

വേറാരിപ്പോഴിത്രയും വൈദ്യ വിദ്വാ-
ന്മാരിൽ ഗ്രന്ഥം കണ്ടോരാൾ കേരളത്തിൽ
കൂറാം, സാഹിത്യത്തിലുള്ളൂർ വടക്കും-
കൂറെന്നോർക്കുന്നു വൈദ്യത്തിൽ മേനോൻ
വേദവ്യാസൻ വേദമെന്നോണമായുർ-
വേദം മുറ്റും വിപ്രകീർണ്ണം നമുക്കായ്
സാദം പ്രായം കൊണ്ടുമേശാതെ മേനോൻ
ഭേദം നോക്കിച്ചിട്ടയോടെ പകുത്തു
സാരം പോലെ സംഗ്രഹിച്ചു വിഭാഗി-
ച്ചോരോബുക്കായ് ചേർക്കിലൊട്ടേറെയുണ്ടാം
ഓരോന്നായിക്കണ്ടിടട്ടേ പ്രകാശം
പാരം ശസ്തം മുദ്രിതം ബുക്കൊരെണ്ണം
വ്യാഖ്യാനിച്ചു വാഗ്ഭട ഗ്രന്ഥമോർത്താൽ
ശ്ലാഘ്യം ചേർത്തും ദ്രവ്യവിജ്ഞാനഭാഗം
വിഖ്യാതം സാഹിത്യ ശാസ്ത്രേതിഹാസം
ദ്യാഖ്യാനം തല്ലേഖനത്തിൻ പ്രകാരം

അദ്ദേഹത്തിന്റെ അഷ്ടാംഗഹൃദയം രഞ്ജിനീ വ്യാഖ്യാനമാണ്, "പാരം ശസ്തം മുദ്രിതം ബുക്കൊരെണ്ണം" എന്നു പറയപ്പെട്ടത്. അന്ന് അതു മാത്രമാണ് പ്രസിദ്ധീകരിയ്ക്കപ്പെട്ടിരുന്നത്. അതിലെ ദ്രവ്യ ങ്ങളെക്കുറിക്കുന്ന അഞ്ചും, ആറും അദ്ധ്യായങ്ങൾ അടങ്ങുന്ന ഭാഗം വിശേഷരൂപമായ ഒരു നിഘണ്ടുവിന്റെ പ്രയോജനം ചെയ്യുന്നു. പതി നഞ്ചാമദ്ധ്യായത്തിലെ ഗണങ്ങളിലെ ദ്രവ്യങ്ങളേയും കേരളീയങ്ങ ളായ വിഷവൈദ്യ ബാലവൈദ്യാദി ഗ്രന്ഥങ്ങളിലെ വിശിഷ്ടങ്ങളായ ദ്രവ്യങ്ങളേയും കൂടി ഉൾപ്പെടുത്തി വികസിപ്പിച്ചാൽ വൈദ്യ വിദ്യാർത്ഥികൾക്കു മാത്രമല്ല, വൈദ്യന്മാർക്കു കൂടി വിശേഷ വിജ്ഞാ നത്തിനു സഹായിക്കുമെന്നു തന്നെയല്ല, സാധാരണരായ അഭ്യസ്ത വിദ്യർക്കു സാമാന്യജ്ഞാനവും ആയുർവേദത്തിൽ ആഭിമുഖ്യവും, അഭിമാനവും വർദ്ധിക്കുന്നതിനും സഹായകമാവുമെന്നതിന് സംശ യമില്ല. നവീനമായ ശൈലികൾ ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ദേഹ

ത്തിന്റെ വിവരണങ്ങൾ ആയുർവേദത്തെക്കുറിച്ചു കാലികമായ അവബോധമുണ്ടാക്കുമെന്നതിന് സംശയമില്ല. സ്വസ്ഥവൃത്ത വിഭാഗമെന്നു പറയാവുന്ന എട്ടംഗങ്ങൾ മാത്രമേ പ്രസിദ്ധീകരിയ്ക്കപ്പെട്ടിരുന്നുള്ളൂ. കേരളീയങ്ങളായ വൈദ്യഗ്രന്ഥങ്ങൾ ശേഖരിക്കുകയും, പരിശോധിക്കുകയും, പകർത്തുകയും ചെയ്യുക എന്നത് കുട്ടികൃഷ്ണമേനോന്റെ വിനോദം (hobby) ആയിരുന്നു എന്നുപറയാം. സാഹിത്യ ഗവേഷകനായ, ഒരു കാലഘട്ടത്തിലെ ഗവേഷകന്മാരുടെ ആചാര്യനായിരുന്ന, അപ്പൻ തമ്പുരാന്റെ പുത്രന്, ആ വിഷയത്തിലുള്ള നിർദ്ദേശവും, പരിശീലനവും അച്ഛനിൽനിന്നും സിദ്ധിച്ചതാകാം. വൃദ്ധവൈദ്യന്മാരുടെ ഗ്രന്ഥശേഖരങ്ങൾ മാത്രമല്ല, കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ ലൈബ്രറികളും, മാനുസ്ക്രിപ്റ്റു ലൈബ്രറിയുമെല്ലാം അദ്ദേഹത്തിന്റെ ഗവേഷണ പരിശോധനകൾക്കു വിധേയമായിട്ടുണ്ട്. അങ്ങിനെ കുറിച്ചെടുത്ത അറിവുകളിൽ, വിഷവൈദ്യത്തെ പ്രത്യേകിച്ചു കുറിയ്ക്കുന്നവയെ ക്രോഡീകരിച്ചു പ്രസിദ്ധീകരിച്ചതാണു ക്രിയാകൗമുദിയെന്ന ബൃഹദ്ഗ്രന്ഥം. ആയുർവേദത്തിലെ മറ്റംഗങ്ങളെക്കുറിയ്ക്കുന്ന കുറിപ്പുകൾ ക്രോഡീകരിച്ചിട്ടുള്ളതാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ചികിത്സാകൗതുകം. സാമാന്യമായി ഇതൊരു യോഗഗ്രന്ഥമാണെന്നു പറയാം. അങ്ങിങ്ങു ശാസ്ത്ര സിദ്ധാന്തങ്ങളും, രോഗങ്ങളുടെ നിദാനങ്ങളും, ലക്ഷണങ്ങളും, പ്രയോഗങ്ങളുമെല്ലാം പറയപ്പെട്ടിട്ടുണ്ടെങ്കിലും, ഓരോ രോഗത്തിനും ഉപയോഗിക്കാവുന്ന ഔഷധങ്ങളുടെ സംഗ്രഹമാണു പ്രധാനമായി ചികിത്സാ കൗതുകം. കൗതുകത്തിനു ചരടെന്നും അർത്ഥമുണ്ടല്ലോ. അത്ഭുതത്തോടു കൂടിയ ആസക്തിയെന്നും അതിനു താൽപ്പര്യമുണ്ട്. ചരടെന്ന അർത്ഥത്തിൽ യോഗങ്ങളെ കോർത്തിണക്കിയിരിയ്ക്കുന്നത് എന്ന അർത്ഥം കിട്ടുന്നു. ഈ ഗ്രന്ഥം വായിയ്ക്കുന്നവർക്കാകട്ടെ ആയുർവേദത്തിൽ അത്ഭുതത്തോടുകൂടിയ ആസക്തി (താൽപ്പര്യം) ഉണ്ടാകുമെന്നതിന് സംശയമില്ല. കൗതുകത്തിനു വിവാഹത്തിനു പൂർവ്വാംഗമായി കൈയ്യിൽ കെട്ടുന്ന ചരടെന്ന വിശേഷാർത്ഥവുമുണ്ട്. കാപ്പു കെട്ടുക എന്ന് ആ ചരടിനെ പറയുന്നു. ചികിത്സാ വിഷയത്തിലെ ഉദ്യമത്തിന്റെ പ്രാരംഭ

മായി ഈ ഗ്രന്ഥത്തിന്റെ പരിശീലനത്തെ നിർദ്ദേശിക്കാം. വളരെയധികം ഗവേഷണങ്ങൾ കൊണ്ടാണ് കുട്ടികൃഷ്ണമേനോൻ ഈ ഗ്രന്ഥത്തെ സാദ്ധ്യമാക്കിയത്. ദ്രവ്യ വിജ്ഞാനത്തിൽ ഗവേഷണം നടത്തുന്നവർക്കു വേണ്ട വിഷയങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉറവിടമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യമായ പ്രയോജനമെന്നും പറയാവുന്നതാണ്. അവസ്ഥാപേക്ഷമായി ഉപയോഗിക്കാവുന്ന വലിയ വലിയ യോഗങ്ങളും, ചെറിയ ചെറിയ യോഗങ്ങളും, ഒറ്റമൂലികാ പ്രയോഗങ്ങളുമിതിലുണ്ട്. ദ്രവ്യങ്ങളുടെ ദൗർലഭ്യത്തെക്കുറിച്ച് ആവലാതിപ്പെടാറുണ്ടല്ലോ. ഇപ്പോഴും പ്രാദേശികമായി കിട്ടാൻ ബുദ്ധിമുട്ടില്ലാത്ത, എളുപ്പത്തിൽ തന്നെ കിട്ടാറാക്കാവുന്ന ഔഷധങ്ങളുപയോഗിച്ച് ചികിത്സയെ സഫലമാക്കാനാഗ്രഹിക്കുന്നവർക്ക് അതിനു തക്കവണ്ണം യോഗങ്ങളെ ഈ ഗ്രന്ഥത്തിൽ നിന്ന് തെരഞ്ഞെടുക്കാൻ കഴിയും. വലിയ യോഗങ്ങളിലെ ബുദ്ധിമുട്ടൊഴിവാക്കി, ചെറിയ യോഗങ്ങളുപയോഗിച്ച് ചികിത്സയുടെ ഭാരത്തെ ലഘൂകരിക്കാൻ ആഗ്രഹിക്കുന്ന എന്നെപ്പോലെയുള്ളവർക്ക് വിജ്ഞാനത്തിന്റെ ഖനിയാണ് ഈ ഗ്രന്ഥം. ഗുണകർമ്മങ്ങളെക്കുറിച്ച് ശരിയ്ക്കുമറിവില്ലാതെ, സ്വഭാവത്തെക്കുറിച്ചു സംശയമുള്ള അനേകം ദ്രവ്യങ്ങളുള്ള യോഗങ്ങളെ ഫലശ്രുതിയിൽ ഭ്രമിച്ചു നിർദ്ദേശിയ്ക്കുന്ന കുറിപ്പനുസരിച്ചു മരുന്നുകച്ചവടക്കാരൻ വെട്ടിവെയ്ക്കുന്ന തടിയും, വേരുമെല്ലാം കൊണ്ടുണ്ടാക്കുന്ന ഔഷധം കൊണ്ടുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതിലധികം പ്രയോജനം, തികച്ചും വസ്തുനിഷ്ഠമായി ബോധമുള്ള, തിരിച്ചറിയാവുന്ന, ഫലംകൊണ്ടു പരിചയമുള്ള ചുരുക്കം മരുന്നുകൾ കൊണ്ടുള്ള ചെറിയ യോഗങ്ങൾ കൊണ്ടാവും എന്നു മാത്രമല്ല, മനഃശാസ്ത്രപരമായി ചികിത്സയുടെ ലാഘവത്തെക്കുറിച്ചൊരു ആശ്വാസം രോഗികൾക്ക് അനുഭവപ്പെടുകയും ചെയ്യുന്നു. ദർശന സ്പർശന പ്രശ്നങ്ങൾ കൊണ്ട് രോഗിയേയും നിദാന പ്രാഗ്രൂപ ലക്ഷണോപശയാപ്തികളെക്കൊണ്ടു രോഗത്തേയും പരീക്ഷിച്ചു ദൂഷ്യാദികളെ സൂക്ഷ്മസൂക്ഷ്മമായി സമീക്ഷിച്ചു ദോഷൗഷധ നിരൂപണം ചെയ്തു

ചികിത്സകന്, കണിശമായി ഔഷധം പ്രയോഗിക്കുന്നതിനു ഗുണ കർമ്മങ്ങളെക്കുറിച്ചു തികച്ചും അവബോധമുള്ള ദ്രവ്യങ്ങളുപയോഗിച്ചുള്ള ചെറിയ ചെറിയ യോഗങ്ങൾ, കുറിയ്ക്കു കൊള്ളുന്ന, ലക്ഷ്യവേധികളായ, അസ്ത്രങ്ങൾ എന്ന വണ്ണം പ്രയോജനപ്പെടുമെന്നതിന് സംശയമില്ല. നിഘണ്ടുജ്ഞാനത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഈ വിഷയത്തിലാണ്. അതുകൊണ്ടാണു കുട്ടികൃഷ്ണമേനോന്റെ അഷ്ടാംഗഹൃദയരഞ്ജിനീ വ്യാഖാനത്തിലെ അഞ്ചും ആറും അദ്ധ്യായങ്ങൾ പ്രത്യേകിച്ചു പ്രശംസനീയങ്ങളായി തീർന്നിട്ടുള്ളത്. ചുറ്റുപാടും സുലഭമായി ലഭിക്കാവുന്ന ഒരു ഇരുപതു കൂട്ടം മൂലികകൾ കൊണ്ടു ഏതു രോഗത്തേയും ചികിത്സിക്കാറാവണം. അതിനുതക്കവണ്ണം സിദ്ധാന്തങ്ങളേയും ദ്രവ്യങ്ങളേയും കുറിച്ച് നിഷ്ക്കർഷിച്ചു പഠിക്കണമെന്ന്, വൈദ്യം പഠിക്കുവാൻ ആരംഭിച്ച കാലത്ത് ശ്രീനാരായണഗുരുദേവന്റെ ശിഷ്യനായ, മദിരാശിയിലെ മാമ്പലത്ത് ശ്രീനാരായണ മെഡിക്കൽ മിഷൻ നടത്തിയിരുന്ന ശ്രീ വിദ്യാനന്ദസ്വാമികൾ എന്നെ ഉപദേശിക്കുകയുണ്ടായി. ആ ഉപദേശമനുസരിച്ചുള്ള ചികിത്സ തികച്ചും പ്രായോഗികവും പ്രയോജനകരവുമാണെന്നു അനുഭവം കൊണ്ടു എനിയ്ക്കു പറയുവാൻ കഴിയും.

ശാസ്ത്രീയമായി ശാസ്ത്രം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചു വ്യക്തിപരമായിത്തന്നെ ജീവിതകാലം മുഴുവൻ നടത്താവുന്ന ഗവേഷണത്തിനു വേണ്ട വിഷയങ്ങൾ ചികിത്സാ കൗതുകത്തിൽ അടങ്ങിയിരിയ്ക്കുന്നു. വലിയ വലിയ യോഗങ്ങളിൽ താൽപ്പര്യമുള്ളവർക്കു അത്തരം യോഗങ്ങളുമിതിലുണ്ട്. നിരന്തരമായ ഗ്രന്ഥപരിശോധനത്തിൽ തന്റെ ദൃഷ്ടിയിൽപ്പെട്ട ഗണനീയങ്ങളായ എല്ലാ യോഗങ്ങളേയും അദ്ദേഹം ശേഖരിച്ചു. അവയിൽ സഹസ്രയോഗത്തിലും മറ്റും ഉൾപ്പെട്ട അതിപ്രസിദ്ധങ്ങളായ യോഗങ്ങളെ പ്രായോഗിക ബുദ്ധികൊണ്ട് ഒഴിവാക്കി, മറ്റുള്ളവയെയാണു ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികൃഷ്ണമേനോൻ ഇതു ചെയ്തില്ലായിരുന്നുവെങ്കിൽ, ഇവ മിക്കവാറും, ഒരു പക്ഷെ,

"ചിതലിനു മുതലായും പാറ്റ തൻ തീറ്റയായും" തീർന്നു പോകാനിടയുള്ള താളിയോല ഗ്രന്ഥങ്ങളിൽ ദീർഘ വിശ്രമം കൊണ്ടുപോയേനെ. സംസ്കൃതത്തിലുള്ള ഗ്രന്ഥങ്ങളിലെ യോഗങ്ങൾ ഇപ്രകാരം സംഗ്രഹിക്കുന്നതിനുള്ള പ്രയത്നം മുമ്പ് നടന്നിട്ടുണ്ട്. യോഗസമുച്ചയമെന്ന പേരിൽ അത്തരമൊരു സംഗ്രഹം മൂന്നു ഭാഗങ്ങളായി, പണ്ടത്തെ തിരുവിതാംകൂർ ഗവർമെണ്ട് ഉദ്ദേശം മുക്കാൽ നൂറ്റാണ്ടിനുമുമ്പ് പ്രകാശനം ചെയ്തിരുന്നു. ഇപ്പോൾ അതു കിട്ടാനില്ല എന്നു തോന്നുന്നു. മലയാളത്തിലുള്ള അധികവും അപ്രകാശിതങ്ങളായ ഗ്രന്ഥങ്ങളിലെ യോഗങ്ങളെ സംഗ്രഹിക്കുന്നതിന് ഇതു പോലുള്ള, ഇത്ര വ്യാപകമായ ശ്രമം ഇതിനു മുമ്പു നടന്നിട്ടില്ല.

യോഗാമൃതം മുതലായ ഗ്രന്ഥങ്ങൾ പ്രയോജനകരങ്ങളെങ്കിലും, യോഗങ്ങളുടെ ഇത്ര വിപുലമായ ഒരു സംഗ്രഹമവയിലില്ല. ചികിത്സകർക്കു കൈപ്പുസ്തകത്തിന്റെ (Hand Book) പ്രയോജനമാണു അവ കൊണ്ടുള്ളത്. ആയുർവേദത്തിൽ പ്രത്യേകിച്ചു താൽപ്പര്യമില്ലാത്ത സാധാരണക്കാരനായ ഒരു അഭ്യസ്തവിദ്യൻ പോലും അത്ഭുതപ്പെടും, നമ്മുടെ പൂർവ്വികർ രോഗാരോഗ്യവിഷയമായി എത്ര വ്യാപകമായാണു ചിന്തിച്ചിട്ടുള്ളത്, അവരുടെ ആലോചന ചെല്ലാത്ത, ചുറ്റുപാടും സാമാന്യമായി കാണപ്പെടുന്ന മൂലികകൾ കൊണ്ടു പ്രായോഗികമായി പരിഹാരം നിർദ്ദേശിക്കാത്ത, ഒരു വിഷയവുമില്ലല്ലോ എന്ന അറിവുകൊണ്ട്.

ആയുർവേദ സംബന്ധികളായ ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിൽ, അദ്ദേഹം എന്റെ അഭിപ്രായം ആരായുകയും, കണക്കിലെടുക്കുകയും പതിവുണ്ട്. രഞ്ജിനീ വ്യാഖ്യാനവും, ക്രിയാകൗമുദിയും, ഇപ്പോൾ ചികിത്സാകൗതുകവും കൈയ്യെഴുത്തു പ്രതി തന്നെ വായിച്ചു നോക്കുവാൻ എനിക്കവസരം ലഭിച്ചു. ചികിത്സാകൗതുകത്തിന്റെ കാര്യത്തിൽ എനിക്കൽപ്പം പ്രേരകത്വം തന്നെയാണ് എന്നു പറയാവുന്നതാണ്. വ്യാഖ്യാനമെഴുതുവാൻ ഒരു പരിധിവരെ ഒരു പക്ഷേ, മറ്റൊരാൾക്കു കഴിഞ്ഞുവെന്നുവരാം. എന്നാൽ ഇത്ര വളരെ ഗ്രന്ഥങ്ങൾ പരിശോധിച്ചു ഇത്ര വളരെ യോഗങ്ങൾ സംഗ്രഹിക്കുവാൻ മറ്റൊരാൾക്കു

താൽപ്പര്യവും, സൗകര്യവും ഉണ്ടായി എന്നു വരികയില്ല. അങ്ങനെ കുട്ടികൃഷ്ണമേനോൻ ദീർഘമായ ആയുഷ്ക്കാലം കൊണ്ടു ചെയ്തു വെച്ചിട്ടുള്ള പ്രയത്നം ഇനിയുള്ള തലമുറകൾക്കും, ഈ തലമുറയിൽത്തന്നെയുള്ളവർക്കും പ്രയോജനകരമാം വിധം ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കണമെന്നു പരസ്യമായും രഹസ്യമായും ഞാൻ പ്രേരിപ്പിക്കുകയുണ്ടായി എന്നോർക്കുമ്പോൾ, ഇപ്പോൾ പ്രത്യേകിച്ചു ചാരിതാർത്ഥ്യം തോന്നുന്നു. പക്ഷേ, എങ്ങിനെ ഇത്ര വലിയ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുവാൻ കഴിയും, അതിന്റെ വിപണനം ആരേറ്റെടുക്കും എന്ന ഉത്ക്കണ്ഠ മേനോനെ വല്ലാതെ അലട്ടിയിരുന്നു. ലോകത്തിന്റെ നന്മയ്ക്കു വേണ്ടിയുള്ള പ്രവർത്തനം നിഷ്ഫലമാവുകയില്ലെന്നും, പോംവഴിയുണ്ടാകുമെന്നുമുള്ള എന്റെ സമാധാനിപ്പിക്കൽ സഫലമായിത്തീർന്നതിൽ എനിയ്ക്കുള്ള കൃതാർത്ഥത, ഈ പുസ്തകം പ്രസിദ്ധീകരിയ്ക്കാൻ കഴിഞ്ഞതിൽ മേനോനുള്ള സന്തോഷത്തെ അപേക്ഷിച്ചു അൽപ്പമെങ്കിലും കൂടുകയേയുള്ളൂ. എൽ.എസ്.പി.എസ്.എസ്. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ലോകാസ്വാസ്ഥ്യ പരമ്പരാ സംവർദ്ധൻ സമിതി അതിന്റെ പ്രകാശനം ഏറ്റെടുത്തിരിയ്ക്കുന്നു.

History repeats, but on a higher plane (ചരിത്രം ആവർത്തിക്കുന്നു, എന്നാൽ കുറേക്കൂടി ഉയർന്ന തലത്തിൽ) എന്നെവിടെയോ വായിച്ചിട്ടുണ്ട്. ആ ആശയം ആയുർവേദത്തിന്റെ കാര്യത്തിൽ, കാലോചിതമാക്കുന്നതിന്റെ പേരിൽ പഴമയെ എതിർക്കുകയും, ആയുർവേദത്തിന്റെ തനിമയെത്തന്നെ നിഷേധിക്കുകയും ചെയ്യുന്നതിനുള്ള പ്രവണതയായിരുന്നു എന്നു പറയാമെന്നു തോന്നുന്നു. ശാസ്ത്രം നവീനശാസ്ത്രവും മാതൃക അലോപ്പതിയും ആണെന്നമട്ടിലുള്ള പരിഷ്ക്കരണവും, ഗവേഷണവുമാണ് ആയുർവേദത്തിന്റെ രംഗത്തും അരങ്ങേറിക്കൊണ്ടിരിയ്ക്കുന്നത്. ആയുർവേദവും, അലോപ്പതിയും കലർത്തിക്കൊണ്ടുള്ള പഠിപ്പിക്കൽ (integrated course) പരീക്ഷിക്കപ്പെട്ടു. അലോപ്പതിയുടെ പ്രഭാവത്തിൽ ആയുർവേദം അന്തർധാനം ചെയ്യു

ന്നുവെന്ന അനുഭവത്തിൽ ആ സമ്പ്രദായം ക്രമത്തിൽ ഉപേക്ഷിക്കപ്പെട്ടു. കഴിഞ്ഞ തലമുറയിൽപ്പെട്ട ചിലർ ഇപ്പോഴും അത്തരം ആലോചനയെ താലോലിയ്ക്കുന്നവരായി ഉണ്ടാകാമെങ്കിലും, നവീന വിജ്ഞാനത്തിന്റെ സൗകര്യങ്ങളുമുപയോഗിച്ച് പ്രയോഗികതയെ വികസിപ്പിച്ചുകൊണ്ടുതന്നെ, മൗലികമായി സിദ്ധാന്തപരമായ സ്വത്വത്തെ പാലിച്ചുകൊണ്ടുള്ള പ്രതിസംസ്ക്കരണമാണ് ആയുർവേദത്തിൽ അഭികാമ്യമെന്ന നിഗമനത്തിൽ ആയുർവേദത്തിലെ പുതിയ തലമുറ എത്തിച്ചേർന്നിരിക്കുന്നതായി തോന്നുന്നു. യുവചികിത്സകരും, വിദ്യാർത്ഥികളുമായുള്ള പരിചയത്തിൽ നിന്നും എനിയ്ക്കു വ്യക്തമായിത്തീർന്ന അഭിപ്രായമാണിത്. എന്നെപ്പോലുള്ള വൃദ്ധവൈദ്യന്മാരിൽ നിന്നു എന്ത് അറിയാൻ കഴിയുമെന്നും, എന്തെങ്കിലും അറിയണമെന്നും ഉള്ള വിചാരം അവർക്കുണ്ടായിരിയ്ക്കുന്നതായി തോന്നുന്നു. ഈ സാഹചര്യത്തിൽ പരമ്പരാസിദ്ധങ്ങളായ അറിവുകളെ അവർക്കെത്തിച്ചുകൊടുക്കുക എന്നതു കാലോചിതമായ ആവശ്യമാണ്. കേരളത്തിലെ വൃദ്ധവൈദ്യന്മാരിൽ എല്ലാംകൊണ്ടും അഗ്രിമനായ ശ്രീ കുട്ടികൃഷ്ണമേനോന്റെ പ്രവർത്തനങ്ങളെ ആ വഴിയ്ക്കാണ് ഞാൻ വിലയിരുത്തുന്നത്. അദ്ദേഹമിതു ചെയ്യാതിരുന്നാൽ, ഒരു പക്ഷേ, ഇത്തരം അറിവുകൾ മിയ്ക്കവാറും നഷ്ടപ്പെട്ടുപോകുമായിരുന്നു എന്നു പറയാതിരിയ്ക്കുവാൻ വയ്യ. വാർദ്ധക്യം അദ്ദേഹത്തിന്റെ മനീഷയെ ഒട്ടുംതന്നെ ബാധിച്ചില്ല. "ശോഷിക്കാത്തമനീഷയും മഷിയുണങ്ങിടാത്ത പൊൻപേനയും" എന്നു കുമാരനാശാൻ എ.ആർ. രാജരാജവർമ്മയെ "പ്രരോദന"ത്തിൽ പ്രകീർത്തിച്ചത് കുട്ടികൃഷ്ണമേനോനും തികച്ചും ചേരും. വാർദ്ധക്യം കൊണ്ട് ശാരീരികമായ അസ്വാധീനം അദ്ദേഹത്തെ അൽപ്പസ്വൽപ്പം ബാധിച്ചിട്ടില്ല എന്നില്ല. പക്ഷേ, അദ്ദേഹത്തിനു കൈയ്യായി, വ്യാസനു ഗണപതിയെന്നപോലെ ആ പൊൻപേന ചലിപ്പിക്കുന്ന ഒരു ശിഷ്യനുണ്ട്. നിതാന്ത സാഹചര്യംകൊണ്ട് ഗുരുവിന്റെ ഗുണവിശേഷങ്ങൾ ആ ശിഷ്യന് സാമാന്യമായി പകർന്നുകിട്ടിയിട്ടുണ്ട്. ഇനിയും ഇത്തരം

പ്രവർത്തനങ്ങൾ തുടർന്നു ചെയ്യുന്നതിന് ശതാഭിഷിക്തനായ മേനോൻ ശതാധികായുസ്സായിരിയ്ക്കട്ടെ എന്നു ഭഗവാനോടു പ്രാർത്ഥിക്കുകയും, മറ്റൊരു വൈദ്യശാസ്ത്രസംഘടനയും സഞ്ചരിയ്ക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കാത്ത മാർഗ്ഗത്തിലൂടെ ആയുർവേദത്തിന്റെ തനതായ പ്രയോജനങ്ങളെ സാമാന്യ ജനസമൂഹത്തിലേയ്ക്കു എത്തിച്ചുകൊടുക്കുവാൻ പരിശ്രമിക്കുന്ന ലോകാസ്വാസ്ഥ്യ പരമ്പരാ സംവർദ്ധൻ സമിതിയുടെ പ്രവർത്തനങ്ങൾക്കു വിജയം ആശംസിക്കുകയും ചെയ്തുകൊണ്ട് ഈ ഗ്രന്ഥത്തെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. അതിന് അവസരം നൽകപ്പെട്ടതിൽ കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

ചാലക്കുടി
31.05.93 വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്

*(കടപ്പാട് : എൽ.എസ്.പി.എസ്.എസ്., കോയമ്പത്തൂർ)*




# കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.



Ayurvedic Hospital & Research Centre, Delhi



Ayurvedic Hospital & Research Centre, Aluva (Kochi)



Ayurvedic Hospital & Research Centre, Kolkata

AYURVEDA - THE AUTHENTIC WAY

Vaidyaratnam P.S. Varier's

**ARYA VAIDYA SALA**

(A CHARITABLE TRUST)

ESTD 1902

KOTTAKKAL-676 503, KERALA



Tel: 0483-2808000, 2742216, Fax:2742572, 2742210

E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com

ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം